# സഹദേവൻ ഡോക്ടർ

മലയാളം വാരികയിൽ (20 ഫെബ്രുവരി 2009) ഡോ. എം.ജി സഹദേവനെപ്പറ്റി രാജശേഖരൻ നായർ എഴുതിയ ലേഖനം വായിച്ചു. അത്യന്തം സന്തോഷിക്കുന്നു. വളരെക്കാലം മുൻപ് നടന്ന ഒരു സംഭവം എഴുതണമെന്ന് തോന്നി. വടകരയിലെ പ്രമുഖ വോളിബോൾ താരമായിരുന്ന ഇരിങ്ങൽ പദ്മനാഭക്കുറുപ്പ് (ഇരിങ്ങൽ പപ്പേട്ടൻ) പെൻഷന് അപേക്ഷിക്കാനായി ഡോ. സഹദേവന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഡിഫൻസ് വകുപ്പിന് അയച്ചിരുന്നു. ഡോക്ടർ അന്ന് കോഴിക്കോട് താമസമാണ്. പപ്പേട്ടൻ ഇരിങ്ങൽ വില്ലേജിൽ ഒരു കൊലക്കേസ്സുമായി ബന്ധപ്പെട്ട് ജോലിക്ക് ഹാജരാകാതെ വ്യാജമെഡിക്കൽ സർട്ടിഫിക്കറ്റ് അയച്ചതാണെന്ന ഒരു കത്ത് ഡിഫൻസ് വകുപ്പിന് ആരോ അയച്ചു. ഡിഫൻസ് വകുപ്പ് വിശദീകരണം തേടി ഡോ. സഹദേവന് കത്തയച്ചു. ഡോക്ടർ 'മിസ്റ്റർ കുറുപ്പ്, ഉടൻ തന്നെ എന്നെ വന്നു കാണുക എന്നൊരു കത്ത് പപ്പേട്ടന് അയച്ചു. ഒട്ടും വൈകാതെ അദ്ദേഹം ഡോക്ടറുടെ അടുത്തെത്തി. ധീരനും പോരാളിയുമായ ആ മനുഷ്യസ്നേഹി ഡിഫൻസ് വകുപ്പിന് വക്കീൽ നോട്ടീസയച്ചു. പട്ടാള ഓഫീസറായിരുന്ന ഡോക്ടർ സഹദേവന്റെ സർട്ടിഫിക്കറ്റ് സത്യസന്ധമല്ലെന്ന് സംശയിക്കാൻ നിങ്ങൾക്ക് എങ്ങനെ ധൈര്യം വന്നു എന്നായിരുന്നു ചുരുക്കം. ഓരോ കോപ്പി പ്രധാനമന്ത്രിക്കും രാജ്യരക്ഷാമന്ത്രിക്കും പപ്പേട്ടനും അയച്ചു. അന്ന് മൊറാർജി ദേശായി ആയിരുന്നു പ്രധാനമന്ത്രി. രണ്ടാഴ്ചയ്ക്കകം പപ്പേട്ടന് പെൻഷൻ ശരിയാക്കിയ ഓർഡർ കിട്ടി. ഡോക്ടറോട് മാപ്പ് പറഞ്ഞുകൊണ്ടുള്ള കത്ത് രാജ്യരക്ഷാവകുപ്പ് അദ്ദേഹത്തിന് അയച്ചു.

ഡോക്ടറുടെ കത്തുകൾ ഇരിങ്ങൽ പപ്പേട്ടൻ 1987-ൽ മരണം വരെ സൂക്ഷിച്ചിരുന്നു. ഡോക്ടർ സഹദേവനെ പ്രകീർത്തിച്ചുകൊണ്ട് ലേഖനം എഴുതിയ രാജശേഖരൻ നായരോട് നന്ദിപറയുന്നു.

**ഡോ. ഇന്ദിര കുറുപ്പ്** — വടകര

● പരേതനായ ഡോ. എം.ജി. സഹദേവനെക്കുറിച്ച് ഡോ. കെ. രാജശേഖരൻ നായർ എഴുതിയ ഓർമ്മക്കുറിപ്പ് (സമകാലിക മലയാളം, ഫെബ്രുവരി 20) അതീവ ഹൃദ്യമായി. മെഡിക്കൽ കോളേജിലെ യൂണിറ്റ് മേധാവികൾ ഇനീഷ്യലുകളിൽ അറിയപ്പെടുന്നത് സാധാരണയാണെങ്കിലും അവ കാലാതിവർത്തികളാവാറില്ല. എഴുപതുകളിലും എൺപതുകളിലും കോഴിക്കോട് മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗത്തെ പ്രശസ്തിയിലേക്കുയർത്തിയ ത്രയക്ഷരികളിൽ ഡോ. സി.കെ.ആർ. ഒഴിച്ച് എല്ലാവരും തന്നെ തെല്ല് തിരക്കിട്ട് കാലയവനികയ്ക്കുള്ളിൽ പോയ് മറഞ്ഞു. ജി.കെ.ഡബ്ല്യു (ഡോ. ജി.കെ. വാരിയർ), എം.ജി.എസ്. (ഡോ. എം.ജി. സഹദേവൻ), സി.ബി.സി. (ഡോ. സി.ബി.സി. വാരിയർ) എൻ.എസ്.വി (ഡോ. എൻ.എസ്. വേണുഗോപാൽ) എന്നിവർക്കൊപ്പം കെ.ജി.സി. എന്നറിയപ്പെട്ടിരുന്ന ഡോ. കെ.ജി. ചന്ദ്രശേഖരൻ എന്ന അതുല്യനായ അധ്യാപകനെക്കുറിച്ച് കൂടി ഓർക്കുകയാണ്. ഇവരെല്ലാം ഇവർ ചികിത്സിക്കാനിടയായ ആയിരക്കണക്കിന് രോഗികളുടെ മാത്രമല്ല, പഠിപ്പിക്കാനിടയായ ആയിരക്കണക്കിന് വൈദ്യബിരുദധാരികളുടെയും ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു. ഡോ. എം.ജി.എസ്സിന്റെ ഒരു പ്രിയപ്പെട്ട വിഷയമായിരുന്നു മാനാഞ്ചിറ മെഡിക്കൽ സ്കൂൾ. 1917-ൽ പി.എസ്. വാരിയർ കോഴിക്കോട്ടെ കല്ലായി റോഡിൽ ആര്യവൈദ്യ പാഠശാല തുടങ്ങിയ മാസവും തിയതിയും വരെ നമുക്ക് കൃത്യമായി അറിയാമെങ്കിലും തൊട്ടടുത്ത വർഷമോ മറ്റോ തുടങ്ങിയ 'കേരള'ത്തിലെ (അന്നത്തെ മലബാറിലെ) ആദ്യത്തെ 'ആധുനിക വൈദ്യ'പാഠശാലയെപ്പറ്റി കൃത്യമായ വിവരങ്ങൾ മുൻപൊരിക്കൽ ശ്രമിച്ച് നോക്കിയിട്ടും ഈ ലേഖകന് കണ്ടെത്താനായില്ല. ടൗൺ ഹാളിന് വടക്ക് ഭാഗത്തെ ട്രെയിനിങ് കോളേജ് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ആ മെഡിക്കൽ സ്കൂൾ 1922-ലോ മറ്റോ അടച്ചുപൂട്ടി. രാജാജി മന്ത്രിസഭ എൽ.എം.പി. കോഴ്സ് നിർത്തലാക്കാൻ തീരുമാനിച്ചപ്പോൾ പിൽകാലത്ത് സ്റ്റാൻലി മെഡിക്കൽ കോളേജായി മാറിയ റോയപുരം മെഡിക്കൽ സ്കൂൾ ഒഴികെ കോഴിക്കോട്ടേതടക്കം എല്ലാ മെഡിക്കൽ സ്കൂളും നിർത്തലാക്കപ്പെടുകയായിരുന്നു. അല്ലായിരുന്നെങ്കിൽ മാനാഞ്ചിറ മെഡിക്കൽ സ്കൂൾ മറ്റൊരു എം.എം.സി (മദ്രാസ് മെഡിക്കൽ കോളേജ്) ആയി ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ടാവുമായിരുന്നു. പിന്നൊരു 35 വർഷം കഴിഞ്ഞാണല്ലോ എ.ആർ. മേനോന്റെ പാദസ്പർശത്തോടെ, ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത്, കോഴിക്കോട് മെഡിക്കൽ കോളേജിന് അഹല്യാമോക്ഷമുണ്ടാവുന്നത്! മാനാഞ്ചിറയിലെ മെഡിക്കൽ സ്കൂളിൽ പഠിച്ചിരുന്ന ഒരാളെങ്കിലും പിൽക്കാലത്ത് പ്രശസ്തനായ ഒരു കുടുംബചികിത്സകനായി കോഴിക്കോട് ഖ്യാതി നേടിയിരുന്നു- ഡോ. എ. ബാലകൃഷ്ണൻനായർ. മറ്റൊരു കൗതുകം കൂടി പങ്ക് വയ്ക്കട്ടെ. കോഴിക്കോടും കേരളത്തിലും പൊതുജീവിതത്തിൽ കൂടുതലറിയപ്പെടുന്നത് മറ്റൊരു എം.ജി.എസ്. ആണല്ലോ- ഡോ. എം.ജി.എസ്. നാരായണൻ പൊന്നാനിയിൽ ഡോക്ടറായിരുന്ന എം.ജി.എസ്. നാരായണന്റെ പിതാവും ഞങ്ങളുടെ എം.ജി.എസ്സിന്റെ പിതാവിനോടൊപ്പം മാനാഞ്ചിറ മെഡിക്കൽ സ്കൂളിലായിരുന്നത്രെ ആധുനിക വൈദ്യം പഠിച്ചത്.

സഹദേവൻ സാറിനെ ഒരിക്കൽകൂടി ഓർമ്മിക്കാനവസരം തന്നതിന് രാജശേഖരൻ സാറിനും സമകാലിക മലയാളത്തിനും നന്ദി.

**ഡോ. പി.വി. രാമചന്ദ്രൻ** — കോഴിക്കോട്